"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് - ക്ലർക്ക് ശ്രീ. ജോമോൻ.കെ.ജോൺ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.91/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പത്തനംതിട്ട ജില്ല ഓഫീസറുടെ 28.12.2015 തീയതിയിലെ PTA II (2) 2527/13-(2) നമ്പർ നിയമന ശുപാർശ കത്ത്
2. പത്തനംതിട്ട ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 18.01.2016 തീയതിയിലെ E3-804/2013 നമ്പർ നടപടിക്രമം
3. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.11.2017 തീയതിയിലെ ഇ3-163/10 നമ്പർ നടപടിക്രമം
4. പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ 19.11.2024 തീയതിയിലെ LSGD/JD/PTA/1896/2024-B3 നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.12.2024ലെ LSGD/PD/41154/2024-DEC3 നമ്പർ കത്ത്

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ജോമോൻ.കെ.ജോൺ-ന്റെ പ്രൊബേഷൻ കാലയളവ് 29.05.2019 മുതൽ 26.08.2019 തീയതി വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1),(2) പ്രകാരം, 17.02.2016 പൂർവ്വാഹ്നത്തിൽ ക്ലറിക്കൽ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ജോമോൻ കെ ജോൺ-ന്റെ നിയമനം പരാമർശം (3) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ടെന്നും, ശ്രീ. ജോമോൻ. കെ.ജോൺ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, നിരീക്ഷണ കാലയളവിനുള്ളിൽ ടിയാൾ 101 ദിവസത്തെ അവധി ഉപയുക്തമാക്കിയിട്ടുള്ളത് കൂടി കണക്കിലെടുത്ത് പരാമർശം (4) പ്രകാരം ടിയാളുടെ നിരീക്ഷണ കാലയളവ് 29.05.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും

തൃപ്തികരമാണെന്നും ശ്രീ. ജോമോൻ. കെ. ജോൺ 24.08.2019 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ജോമോൻ.കെ.ജോൺ-ന്റെ പ്രൊബേഷൻ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ച 24.08.2019 ന്റെ തൊട്ടടുത്ത ദിവസമായ 25.08.2019 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 29.05.2019 മുതൽ 26.08.2019 വരെ വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. സെക്രട്ടറി, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ശ്രീ.ജോമോൻ കെ ജോൺ, ക്ലർക്ക്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. ഡയറക്ടർ . ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.281/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 09-01-2025 17:54:25
സെക്ഷൻ ഓഫീസർ